ഹോട്ടലുകൾ പകുതി അടഞ്ഞു; കിട്ടാനില്ല പാചകവാതകം

പരീക്ഷക്കാലത്ത് ഹോസ്റ്റൽ മെസും നിലയ്ക്കും

കോട്ടയം: സംസ്ഥാനത്തെ ഒരു ലക്ഷത്തിലധികം വരുന്ന ഹോട്ടലുകളിൽ നാൽപതിനായിരവും പാചക വാതക ക്ഷാമത്തെത്തുടർന്ന് അടച്ചതായി കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ. വീടുകളിൽ നിന്നും യാത്രയ്ക്കും ജോലിക്കും പോകുന്നവർ പട്ടിണിയാകുമെന്ന സാഹചര്യമാണ്. പരീക്ഷക്കാലം എത്തിയതോടെ ഹോസ്റ്റലുകളും മെസുകളും അടയും. ലേബർ ക്യാമ്പുകളിൽ ഇന്ധനമില്ലാതെ ഇതരസംസ്ഥാന തൊഴിലാളികളും നാടുവിടേണ്ടിവരും. ആശുപത്രി കാന്റീനുകൾ പൂട്ടിയാൽ രോഗികളും കൂട്ടിരിപ്പുകാരും ക്ലേശിക്കും.

ഹോട്ടൽ മേഖലയിൽ ശുചീകരണം, ഹൗസ് കീപ്പിംഗ് വിഭാഗങ്ങളിലേറെയും ഇതരസംസ്ഥാന തൊഴിലാളികളാണ്. ഹോട്ടലുകൾ പൂട്ടിയാൽ ഇവർകൂടി മടങ്ങും. രാത്രികാല തട്ടുകളും വഴിയോര ചായക്കടകളും ബേക്കറി ചിപ്സ് സ്ഥാപനങ്ങളുമൊക്കെ അടയുകയാണ്. തട്ടുകടകൾ നിലച്ചതോടെ രാത്രിയാത്രക്കാരാണ് ഏറെ ദുരിതപ്പെടുന്നത്.

ഇരട്ടി വില നൽകിയാലും സിലിണ്ടർ കിട്ടാനില്ലാത്ത സ്ഥിതിയാണെന്ന് ഹോട്ടലുടമകൾ പറഞ്ഞു. കരിഞ്ചന്തയിൽ 19 കിലോഗ്രാമിന്റെ സിലിൻഡറിന് 4000 രൂപവരെയാണ് ഈടാക്കുന്നത്. നിലവിലെ സ്ഥിതി തുടർന്നാൽ രണ്ടു ദിവസത്തിനുള്ളിൽ കേരളത്തിലെ ഹോട്ടൽ വ്യവസായ മേഖല പൂർണമായും സ്തംഭിക്കും. ഒപ്പം ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വരുമാനവും നിലയ്ക്കും.

വാതകക്ഷാമത്തിനൊപ്പം ഹോട്ടലുകളുടെ ചെലവും കൂടുകയാണ്.

ഗ്യാസിനു പകരം ഇൻഡക്ഷൻ കുക്കറുകൾ, ഇൻഡക്ഷൻ കോയിലുകൾ, ഇലക്ട്രിക് കെറ്റിലുകൾ എന്നിവയുടെ ഉപയോഗം വർധിച്ചതോടെ വൈദ്യുതി ചാർജ് കുതിച്ചുയരുന്നു. ഇതും വലിയ സാമ്പത്തികനഷ്ടമാണ് ഹോട്ടലുടമകൾക്ക് ഉണ്ടാക്കുന്നത്.

പ്രതിസന്ധി രൂക്ഷമായതോടെ ബിരിയാണി, അൽഫാം, ചിക്കൻ, ബീഫ്, മട്ടൺ വിഭവങ്ങൾക്ക് 10-20 രൂപ നിരക്ക് കൂട്ടി. സ്റ്റാർ ഹോട്ടലുകൾ ഉൾപ്പെടെ പുതിയ ഹോട്ടലുകളിൽ വിറകടുപ്പിന് സംവിധാനമില്ല. വിറകടുപ്പ് ഉപയോഗിക്കുന്ന ചെറുകിട ഹോട്ടലുകളും ചായക്കടകളും മാത്രമാണ് ഒരുവിധം പ്രവർത്തിക്കുന്നത്.

ഇവ പാചകം ചെയ്യുന്നതിന് ഇന്ധനം അധികം വേണ്ടിവരുമെന്നാണ് ഹോട്ടലുടമകൾ പറയുന്നത്. മിക്ക ഹോട്ടലുകളിലും ചൈനീസ് വിഭവങ്ങളും ഊണും പൂർണമായി നിറുത്തി. ഐഒസി, ബിപിസിഎൽ എന്നീ പ്രധാന കമ്പനികൾ വാണജ്യ സിലിണ്ടറുകൾ നിറയ്ക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. ഉച്ചഭക്ഷണം തയാറാക്കാൻ പല സ്കൂളുകളിലും ഒന്നോ രണ്ടോ ദിവസംകൂടി മാത്രം ഉപയോഗിക്കാനുള്ള പാചകവാതകമേ കരുതലുള്ളൂ. ഈ മാസംകൂടി മാത്രമേ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകേണ്ടതുള്ളൂ എന്നതാണ് ആശ്വാസം.

പാചകവാതകമില്ല: ഇവന്റ് മാനേജ്മെന്റ് മേഖല പ്രതിസന്ധിയിലെന്ന് ഇമാക്

കൊച്ചി: പാചകവാതക, വ്യോമയാന ഗതാഗത പ്രതിസന്ധി സംസ്ഥാനത്തെ ഇവന്റ് മാനേജ്മെന്റിനെയും ഇതുമായി ബന്ധപ്പെട്ട മേഖലകളെയും ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും അടിയന്തരമായ ഇടപെടൽ ആവശ്യമെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇമാക്). വിവാഹ സീസണും കോർപറേറ്റ് കോൺഫറൻസുകളും സജീവമാകുന്ന ഈ സമയത്ത് നിലവിലെ സാഹചര്യം മേഖലയെ തകർക്കുന്ന അവസ്ഥയിലാണെന്ന് അസോസിയേഷൻ പറഞ്ഞു.

ആവശ്യമായ പാചകവാതകം നിലവിൽ ലഭ്യമാകാത്തതിനാൽ ഇവന്റുകൾ പലതും റദ്ദാക്കുകയാണ്. നിലവിൽ വിമാനസർവീസുകൾ പലതും റദ്ദാക്കപ്പെട്ടതും വിമാനടിക്കറ്റുകൾക്ക് നിരക്കുവർധനയുണ്ടായതും ഡെസ്റ്റിനേഷൻ വെഡിംഗ് സാധ്യതകളെ ബാധിച്ചു. കേരളത്തിൽ ഇവന്റുകൾ നടത്താൻ താത്പര്യപ്പെടുന്ന പുറത്തുള്ള പലരും അതിൽനിന്ന് പിൻവലിയുന്നു. കേരളത്തിൽ ഇവന്റ് വ്യവസായവുമായി ബന്ധപ്പെട്ടു നിൽക്കുന്ന മൂന്നു ലക്ഷം തൊഴലാളികളുടെ ഉപജീവനമാർഗവും പ്രതിസന്ധിയിലാണെന്നും ഇമാക് സംസ്ഥാന പ്രസിഡന്റ് രാജു കണ്ണമ്പുഴ, ജനറൽ സെക്രട്ടറി ബഹന്നാൻ കെ. അരീക്കൽ, ട്രഷറർ പ്രവീൺ ചന്ദ്രൻ എന്നിവർ ചൂണ്ടിക്കാട്ടി.

സൗത്ത് ഇന്ത്യൻ ബാങ്ക് ജേതാക്കൾ

കൊച്ചി: ബാങ്കേഴ്സ് ക്ലബ് തൃശൂരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖില കേരള ക്രിക്കറ്റ് കാർണിവലിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ജേതാക്കളായി. വിജയികൾക്കുള്ള ട്രോഫിയും കാഷ് പ്രൈസും സൗത്ത് ഇന്ത്യൻ ബാങ്ക് റീജണൽ ഹെഡ് രാമചന്ദ്രനും ബാങ്കേഴ്സ് ക്ലബ് പ്രസിഡന്റ് എസ്. എസ്. നാരായണനും ചേർന്നു സമ്മാനിച്ചു.

പവന് 2200 രൂപ കുറഞ്ഞു

കൊച്ചി: സംസ്ഥാനത്ത് സ്വർണ വില കുറഞ്ഞു. ഗ്രാമിന് 275 രൂപയും പവന് 2200 രൂപയുമാണ് ഇന്നലെ കുറഞ്ഞത്. ഇതോടെ ഗ്രാമിന് 13.380 രൂപയും പവന് 1,07,040 രൂപയുമായി.

ദേശീയ നേത്രചികിത്സാ പുരസ്കാരം ഡോ. എ. ഗിരിധറിന്

കൊച്ചി: ഡോ. എസ്. എസ്. ബദ്രിനാഥ് എൻഡോവ്മെന്റ് പുരസ്കാരം കൊച്ചിയിലെ ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപകനും മെഡിക്കൽ ഡയറക്ടറുമായ ഡോ. എ. ഗിരിധറിന്. നേത്രചികിത്സാരംഗത്ത് നാലു പതിറ്റാണ്ടിലേറെ നീണ്ട സേവനങ്ങൾ പരിഗണിച്ചാണു പുരസ്കാരം.

റെറ്റിന ശാസ്ത്രത്തിൽ പ്രമുഖനായ ഡോ. ഗിരിധർ ദേശീയ, അന്തർദേശീയ ജേർണലുകളിൽ 85ധികം ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജയ്പുരിൽ നടന്ന ഓൾ ഇന്ത്യ ഒഫ്താൽമോളജിക്കൽ സൊസൈറ്റിയുടെ 84-ാമത് വാർഷിക സമ്മേളനത്തിൽ പുരസ്കാരം സമ്മാനിച്ചു.

പശ്ചിമേഷ്യൻ സംഘർഷം: വളം, പഞ്ചസാര വ്യവസായങ്ങൾ നിലയ്ക്കും

കോട്ടയം: പശ്ചിമേഷ്യൻ സംഘർഷം തുടർന്നാൽ കാർഷിക മേഖല കൂടുതൽ പ്രതിസന്ധിയിലാകും. പ്രകൃതിവാതകം (എൽഎൻജി) ഇറക്കുമതി കുറയുന്നതോടെ രാസവളം നിർമാണം നിലയ്ക്കും. ഇറക്കുമതി എൽഎൻജിയുടെ മുപ്പത് ശതമാനം ഉപയോഗം രാസവളം മേഖലയിലാണ്. വളം നിർമാണത്തിനുവേണ്ട എൽഎൻജി 80 ശതമാനവും ഇറക്കുമതിയാണ്. ഇന്ത്യയിലേക്കു വേണ്ട എൽഎൻജി 65 ശതമാനവും ഹോർമുസ് കടലിടുക്കിലൂടെയാണ് എത്തുന്ന സാഹചര്യത്തിൽ സംഘർഷം നീണ്ടുപോയാൽ രാസവളം നിർമാണം കുറയും.

അമോണിയം, സൾഫ്യൂരിക് ആസിഡ് വരവിലുള്ള തടസം കൃഷി അധിഷ്ഠിത വ്യവസത്തെ ബാധിക്കും. കാർഷിക കീടനാശിനികളുടെ വരവിലും കുറവുണ്ട്. ഇന്ത്യൻ കമ്പനികൾ പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നാണ് സൾഫർ വാങ്ങിയിരുന്നത്. പ്രതിവർഷം ഇന്ത്യ 420 മില്യൻ ഡോളറിന്റെ സൾഫർ പശ്ചിമേഷ്യയിൽനിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതിൽ കൂടുതലും യുഎഇയിൽ നിന്നാണ്. കരിമ്പുകൃഷിയും വ്യവസായവും നിലവിൽ പ്രതിസന്ധിയിലാണ്. പഞ്ചസാര മില്ലുകൾ കരിമ്പിൻ ജ്യൂസിൽ നിന്ന് പഞ്ചസാര ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന പ്രധാന മൂലകങ്ങളിലൊന്നാണ് സൾഫ്യൂരിക് ആഡിസ്. പ്രതിവർഷം 1.05 ലക്ഷം ടൺ സൾഫ്യൂരിക് ആസിഡ് ഇന്ത്യയിൽ വേണ്ടിവരും.

എണ്ണവില വർധിച്ചാൽ പെട്രോൾ, ഡീസൽവില ഉയർന്ന് ചരക്കുനീക്കത്തിന് ചെലവേറും. ഇതുവഴി എല്ലാ അവശ്യസാധനങ്ങളുടെയും വില ഉയരും. ഉള്ളി, സവോള, ഉരുളക്കിഴങ്ങ്, ബസുമതി അരി കയറ്റുമതി നിലച്ചതോടെ ഇവയുടെ വില ആഭ്യന്തര വിപണിയിൽ ഇടിഞ്ഞു.

55 മിനിറ്റിൽ വാഹന എക്സ്ചേഞ്ചുമായി നിസാൻ

കൊച്ചി: നിസാൻ മോട്ടോർ ഇന്ത്യ, യൂസ്ഡ് കാർ പ്ലാറ്റ്ഫോമായ സ്പിന്നിയുമായി ചേർന്നു രാജ്യവ്യാപകമായി 55 മിനിറ്റിനുള്ളിൽ വാഹന എക്സ്ചേഞ്ച് സാധ്യമാക്കുന്ന പദ്ധതി അവതരിപ്പിച്ചു. ഉപഭോക്താക്കൾക്കു നിലവിലെ വാഹനം അവിടെ വച്ചുതന്നെ വിലയിരുത്താനും പുതിയ നിസാൻ കാർ വാങ്ങുമ്പോൾ എക്സ്ചേഞ്ച് ബോണസ് നേടാനും അവസരമൊരുക്കുന്നതാണു പദ്ധതി. 30 നഗരങ്ങളിലെ ഡീലർഷിപ്പുകളിലൂടെയും സ്പിന്നിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴിയും സേവനം ലഭ്യമാകും.

ഐക്യു ഇസഡ് 11 എക്സ് സ്മാർട്ട്ഫോൺ അവതരിപ്പിച്ചു

കൊച്ചി: ഐക്യുവിന്റെ പുതിയ സ്മാർട്ട്ഫോൺ ഐക്യു ഇസഡ് 11 എക്സ് അവതരിപ്പിച്ചു. മീഡിയടെക് ഡിമെൻസിറ്റി 7400 ടർബോ പ്രോസസറാണു പ്രധാന സവിശേഷത. 7200എംഎച്ച് ശേഷിയുള്ള വലിയ ബാറ്ററിയും 44 വാട്സ് ഫ്ലാഷ് ചാർജ് സപ്പോർട്ടും ഫോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50 മെഗാപിക്സൽ സോണി എഐ അധിഷ്ഠിത കാമറയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒഎസ് 6 ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണു പ്രവർത്തിക്കുന്നത്. 17,499 മുതലാണു വില.

രണ്ടുദിനംകൊണ്ട് 226 കോടി; ബോക്സ് ഓഫീസിൽ തരംഗമായി 'ധുരന്ധർ: 2'

മുംബൈ: സർവകാല റിക്കാർഡുകളും ഭേദിച്ച് ബോക്സോഫീസിൽ തരംഗം സൃഷ്ടിച്ച് ധുരന്ധർ; ദി റിവഞ്ച്. രൺവീർ സിംഗ് നായകനായ ധുരന്ധർ-2 റിലീസ് ചെയ്ത് രണ്ടാം ദിനം 80.72 കോടിയാണ് ബോക്സോഫീസിൽ നിന്ന് നേടിയത്. ഇതോടെ സിനിമയുടെ മൊത്തം കളക്ഷൻ രണ്ട് ദിവസം കൊണ്ട് 200 കോടി പിന്നിട്ടു.

ആദിത്യ ധർ സംവിധാനം ചെയ്ത ചിത്രം റിലീസ് ദിനത്തിൽ റെക്കോർഡ് ഓപ്പണിങ്ങാണ് നേടിയത്. ബുധനാഴ്ച പെയ്ഡ് പ്രിവ്യൂകളിൽ നിന്ന് 43 കോടി രൂപയും വ്യാഴാഴ്ച ആദ്യദിനം 102.55 കോടി രൂപയും നേടി. രണ്ടാം ദിനത്തിൽ 80.72 കോടിയാണ് സമാഹരിച്ചത്. ട്രേഡ് ട്രാക്കിംഗ് വെബ്സൈറ്റായ സാക്നിൽക്കിന്റെ റിപ്പോർട്ട് പ്രകാരം രണ്ട് ദിവസത്തെ മൊത്തം കളക്ഷൻ നിലവിൽ 226.27 കോടി രൂപയാണ്.

അതേസമയം ചിത്രത്തിന്റെ നിർമാതാക്കളായ ജിയോ സ്റ്റുഡിയോസ് കളക്ഷൻ സംബന്ധിച്ച് ഔദ്യോഗിക പ്രസ്താവനകളൊന്നും പുറത്തുവിട്ടിട്ടില്ല. റെക്കോർഡ് അഡ്വാൻസ് ബുക്കിംഗാണ് ധുരന്തർ 2-ന് ലഭിച്ചത്. ബുധനാഴ്ച മാത്രം പണമടച്ചുള്ള പ്രിവ്യൂകൾ സഹിതം 15 ലക്ഷത്തിലധികം ടിക്കറ്റുകളാണ് വിറ്റഴിച്ചത്. നിലവിൽ ധുരന്ധർ -1ന്റെ ബോക്സോഫീസ് റെക്കോർഡുകൾ രണ്ടാം ഭാഗം ആഴ്ചകൾ കൊണ്ട് മറികടക്കുമെന്നാണ് ബോളിവുഡിലെ സംസാരം.

വ്യാപാരനിലവാരം

കൊച്ചി	
വെളിച്ചെണ്ണ	26900
മില്ലിംഗ് വെളിച്ചെണ്ണ	27400
കൊപ്ര	15100-15300
പിണ്ണാക്ക്	
എക്സ്പെല്ലർ	3900
റോട്ടറി	4000
കുരുമുളക്	
അൺഗാർബിൾഡ്	69500
പുതിയ കുരുമുളക്	68500
ഗാർബിൾഡ്	71500
ചുക്ക്	
മീഡിയം	28000
ബെസ്റ്റ്	30000
മഞ്ഞൾ	
സേലം-ഈറോഡ്	15500-16000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	39000
അടയ്ക്ക പുതിയത്	39000
പഞ്ചസാര	4300
മുളക്	19000
ഉഴുന്ന്	9600-10700
ചെറുപയർ	10000-13600
കടല	8100-10100
മുതിര	5000
എള്ള്	22000
മല്ലി	7800-9200
പച്ചരി നമ്പർ 1	4700
പുഴുക്കലരി ജയ	4200-4500
ഗ്രാമ്പൂ	800-900
ജാതിക്ക (കാലടി)	
തൊണ്ടൻ	250-280
തൊണ്ടില്ലാത്തത്	580-600
ജാതിപത്രി	
ചുവപ്പ്-മഞ്ഞ	1400-1700
ഫ്ലവർ ചുവപ്പ്-മഞ്ഞ	1500-2200

റബർ	
റബർ ബോർഡ് തന്ന വില	
കോട്ടയം	
ആർഎസ്എസ് 4	21700
ആർഎസ്എസ് 5	21200
കൊച്ചി	
ആർഎസ്എസ് 4	21700
ആർഎസ്എസ് 5	21200

വ്യാപാരി വില	
ആർഎസ്എസ് 4	20900
ആർഎസ്എസ് 5	20400
തരംതിരിക്കാത്തത്	18250
ഒട്ടുപാൽ (70%)	11900
കൊച്ചി	
ആർഎസ്എസ് 4	21600
ആർഎസ്എസ് 5	20700-21300
ഒട്ടുപാൽ	13600
ലാറ്റക്സ്	14400

സ്വർണം (കൊച്ചി)	
പവൻ	1,07,040
ഒരു ഗ്രാം	14400

കന്നാര (വാഴക്കുളം)	
പച്ച	32
പഴം	45

കോട്ടയം	
വെളിച്ചെണ്ണ	32500
കൊപ്ര	21000
പിണ്ണാക്ക്	3800

ആലപ്പുഴ	
മില്ലിംഗ് വെളിച്ചെണ്ണ	27500
കൊപ്ര	
തെളിവ്	15200
മിൽ ക്വാളിറ്റി	15250
തെക്കൻ രാശി	15300
പിണ്ണാക്ക്	3900

കട്ടപ്പന	
കാപ്പിക്കുരു-റോബസ്റ്റ	200
പരിപ്പ്-റോബസ്റ്റ	350

കൊക്കോ (മുരിക്കാശേരി)	
പച്ചക്കുരു	100-120
ഉണക്കക്കുരു	220-240

എണ്ണവിതരണം സാധാരണ നിലയിലാകാൻ ആറുമാസമോ അതിലധികമോ എടുത്തേക്കാമെന്ന് മുന്നറിയിപ്പ്

പാരീസ്: ലോകമെമ്പാടുമുള്ള എണ്ണവിതരണ ശൃംഖല നേരിടുന്ന തടസങ്ങൾ പരിഹരിക്കാൻ മാസങ്ങൾ എടുത്തേക്കുമെന്ന് അന്താരാഷ്ട്ര ഊർജ ഏജൻസി (ഐഇഎ)യുടെ മുന്നറിയിപ്പ്. പശ്ചിമേഷ്യയിലെ സംഘർഷങ്ങളും ഹോർമുസ് കടലിടുക്കിലെ ഗതാഗത തടസവുമാണ് പ്രതിസന്ധിക്കു പ്രധാന കാരണം. എണ്ണ ശുദ്ധീകരണ ശാലകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും വിതരണശൃംഖലയിലെ തടസങ്ങൾ നീക്കുന്നതിനും സാങ്കേതികമായി വലിയ വെല്ലുവിളികളാണ് നിലവിലുള്ളത്. ചില പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തനം തുടങ്ങാൻ ആറുമാസം മതിയാകുമെങ്കിലും മറ്റു ചിലയിടങ്ങളിൽ ഇതു നീണ്ടുപോയേക്കാം. വിപണിയിലെ എണ്ണയുടെ ലഭ്യത കുറയുന്നത് വരുംമാസങ്ങളിൽ ആഗോള സമ്പദ്‌വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് ഐഇഎ മേധാവി ഡോ. ഫാത്തിക് ബിറോൾ വ്യക്തമാക്കി. എണ്ണ ഉത്പാദക രാജ്യങ്ങൾ തങ്ങളുടെ ഉത്പാദനം കുറച്ചതും പ്രതിസന്ധിയുടെ ആഴം വർധിപ്പിക്കുന്നുണ്ട്. ആഗോളതലത്തിൽ ഇന്ധനവില കുതിച്ചുയരാൻ ഈ സാഹചര്യം കാരണമാകുന്നു.

പ്രതിസന്ധി മറികടക്കാൻ ഐഇഎ അംഗരാജ്യങ്ങൾ തങ്ങളുടെ കരുതൽ ശേഖരത്തിൽനിന്ന് വൻതോതിൽ എണ്ണവിപണിയിൽ എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചരിത്രത്തിലെതന്നെ ഏറ്റവും വലിയ എണ്ണ വിട്ടുനൽകലാണ് ഇപ്പോൾ നടക്കുന്നത്. എന്നിരുന്നാലും വിതരണത്തിലെ സ്വാഭാവികമായ ഒഴുക്ക് തിരികെ കൊണ്ടുവരാൻ സമയമെടുക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഇന്ധന ഉപഭോഗം കുറയ്ക്കുന്നതിനായി വർക്ക് അറ്റ് ഹോം നിർദേശങ്ങൾ ഐഇഎ മുന്നോട്ടുവച്ചിട്ടുണ്ട്. വിപണിയിലെ അനിശ്ചിതാവസ്ഥ നിക്ഷേപകരെയും വലിയ രീതിയിൽ ആശങ്കപ്പെടുത്തുന്നു. പശ്ചിമേഷ്യയിലെ സംഘർഷം അവസാനിച്ചാൽ മാത്രമേ എണ്ണ വിപണിയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള മാറ്റം പ്രതീക്ഷിക്കാനാകൂ. കപ്പൽ ഗതാഗതത്തിനുള്ള സുരക്ഷ ഉറപ്പാക്കുന്നതുവരെ കമ്പനികൾ എണ്ണ നീക്കത്തിന് മടിക്കുന്നു. ഇത് വിതരണ ശൃംഖലയെ കൂടുതൽ ദുർബലമാക്കുന്നു.

ജലഭാവി സുരക്ഷിതമാക്കാം

ഇന്ന് ലോക ജലദിനം

സുനിത നാരായൺ

ഇന്ന് ലോക ജലദിനമാണ്. ജീവന്റെ നിലനിൽപ്പിന് ആധാരമായ ജലം എന്ന വിഭവത്തെക്കുറിച്ച് നാം ചിന്തിക്കേണ്ട നിർണായകമായ ദിവസം. കാലാവസ്ഥാ വ്യതിയാനവും മറ്റ് ഘടകങ്ങളും ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് ശുദ്ധജലത്തെയാണ്; ഇതിന്റെ ലഭ്യത കുറയുകയും ഗുണനിലവാരം മോശമാവുകയും ചെയ്യുന്നു. ഇന്ത്യയിലെ നഗരങ്ങൾക്ക് ഭാവിയിൽ കൂടുതൽ കൂടുതൽ വെള്ളം ആവശ്യമായിവരും. എന്നാൽ, ഈ ആവശ്യം നിറവേറ്റാൻ നമുക്കു കഴിയുമോ?

2026 എന്നത് എൽ നിനോ വർഷമായിരിക്കും. ഇതിനർഥം പകലും രാത്രിയും കൂടുതൽ ചൂടുള്ളതായിരിക്കും, കാലവർഷം താളം തെറ്റും, അസമയത്തും ക്രമരഹിതമായുമുള്ള മഴയുണ്ടാകും എന്നൊക്കെയാണ്. ജലത്തിന്റെ കാര്യത്തിൽ ഇതൊരു പ്രയാസകരമായ വർഷമായിരിക്കും. ജലഭാവി സുരക്ഷിതമാക്കാൻ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. നമ്മുടെ പാരമ്പര്യ ജലവിജ്ഞാനത്തെ ആശ്രയിക്കണം. പിന്നെ, ജലത്തെ കരുതലോടെ ഉപയോഗിക്കുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കണം.

പാരമ്പര്യത്തിൽനിന്ന് പഠിക്കാം

വെള്ളം ശ്രദ്ധയോടെ ഉപയോഗിക്കുന്ന ഉജ്വലമായ പാരമ്പര്യം ഇന്ത്യക്ക് പണ്ടേ ഉണ്ടായിരുന്നു. അവയിൽനിന്ന് നമ്മൾ പഠിക്കണം: 'വെള്ളം എവിടെ വീഴുന്നുവോ അവിടെയത് പിടിച്ചുനിർത്തുക' എന്നതായിരിക്കണം മുദ്രാവാക്യം.

ഇതോടൊപ്പം നഗരങ്ങളിലെ ജലാശയങ്ങൾ, വെള്ളപ്പൊക്ക സമതലങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കണം.

മാലിന്യ അവബോധം ആവശ്യമാണ്

നാം ചെയ്യേണ്ട മറ്റൊരു കാര്യം, മാലിന്യത്തിന്റെ കാര്യത്തിൽ വിവേകമുള്ളവരാകുക എന്നതാണ്. ഉപയോഗിച്ച വെള്ളം ശുദ്ധീകരിക്കാനും വീണ്ടും ഉപയോഗിക്കാനും എന്തുകൊണ്ട് നമുക്ക് ശ്രമിച്ചുകൂടാ?

നയങ്ങളിലെ മാറ്റം

എല്ലാ നഗരസഭകളും സർക്കാരുകളും ജലവിതരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പക്ഷേ, മലിനജലത്തെ അവഗണിക്കുന്നു. മലിനജലത്തെക്കുറിച്ച് നമ്മൾ ഗൗരവമായി ചിന്തിക്കാതെ ശുദ്ധജല സുരക്ഷ എന്നത് അപ്രാപ്യമായി തുടരും. ഇന്ത്യയുടെ നഗര വികസന പദ്ധതികൾ ഈ ആവശ്യം തിരിച്ചറിയുന്നുണ്ടെങ്കിലും ജല-മലിനജല വിതരണത്തിന്റെ രൂപകൽപ്പനയിൽ ആവശ്യമായ മാറ്റം വരുത്തുന്നില്ല.

അമൃത് പദ്ധതി

ജലവിതരണം, മലിനജലം, ഹരിത അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് ഈ പദ്ധതി ധനസഹായം നൽകുന്നു. കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ജലവിതരണത്തിനാണ് മുൻഗണന (62 ശതമാനം). എന്നാൽ, മലിനജല സംസ്കരണത്തിന് 34 ശതമാനം മാത്രമേ ചെലവാക്കുന്നുള്ളൂ.

ഭൂഗർഭജല റീചാർജിംഗിനും ജലലഭ്യത വർധിപ്പിക്കാനും സഹായിക്കുന്ന ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി വെറും മൂന്ന് ശതമാനം മാത്രമാണ് ചെലവഴിക്കുന്നത്.

ഇത് മാറേണ്ടതുണ്ട്. മലിനജല പദ്ധതികൾക്കായി കൂടുതൽ പണം ചെലവഴിച്ചുകൊണ്ടല്ല, മറിച്ച് അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവ് കുറച്ചുകൊണ്ടായിരിക്കണം ഇത്.

പുതിയ മാതൃകയുടെ ആവശ്യം

ഇന്നത്തെ ജലവിതരണ മാതൃക ദൂരസ്ഥലങ്ങളിൽനിന്ന് പൈപ്പുകളിലൂടെയും പമ്പുകളിലൂടെയും വെള്ളം എത്തിക്കുന്നതാണ്. പൈപ്പ് ലൈനിന്റെ നീളം കൂടുന്തോറും നിർമാണച്ചെലവും ചോർച്ചയും പമ്പിംഗിനായുള്ള വൈദ്യുതി ഉപയോഗവും കൂടുമെന്ന് നമുക്കറിയാം. ഇതെല്ലാം വെള്ളത്തിന്റെ വില വർധിപ്പിക്കുന്നു. സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തുന്നു. എല്ലാവർക്കും സബ്സിഡി നൽകാൻ ആവശ്യമായ പണം ഉണ്ടാകുന്നുമില്ല. കുടിവെള്ളത്തിനായി വീടുകൾ ഭൂഗർഭജലത്തെ ആശ്രയിക്കേണ്ടിവരുന്നു എന്നതാണ് ഫലം.

ഇന്നത്തെ മലിനജല സംസ്കരണ പദ്ധതികൾ പൂർത്തിയാകാത്ത പൈപ്പുകളെയും പമ്പുകളെയും ചുറ്റിപ്പറ്റി നിൽക്കുകയാണ്. ഓരോ ഘട്ടത്തിലും വീടുകളെ ഇതുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. മലിനജല ഓടകൾ പുതുക്കിപ്പണിയണം. റോഡുകൾ തുടർച്ചയായി വെട്ടിപ്പൊളിക്കണം. ഇങ്ങനെ ശേഖരിക്കുന്ന മലിനജലം ഭൂഗർഭ ശൃംഖലകളിലൂടെ സംസ്കരണ പ്ലാന്റുകളിലേക്ക് പമ്പ് ചെയ്യുന്നു. പിന്നീട് സംസ്കരിക്കാത്ത മലിന ജലമുള്ള പുഴകളിലേക്കോ തടാകങ്ങളിലേക്കോ തള്ളുകയും ചെയ്യുന്നു. അതോടെ ഈ പരിശ്രമങ്ങളെല്ലാം വലിയൊരു പരിധിവരെ പാഴായിപ്പോവുകയാണ്.

മുൻഗണന മലിനജല സംസ്കരണത്തിനുതന്നെ

എന്നാൽ, ചെലവ് അമ്പരപ്പിക്കുന്നതാണ്. ഇത്തരം പദ്ധതികൾ എപ്പോഴും വൈകുകയും നിശ്ചയിച്ചതിലും അധികം തുക ചെലവാകുകയും ചെയ്യുന്നു. ഒരു മലിനജല ശൃംഖല പൂർത്തിയാകുമ്പോഴേക്കും നഗരത്തിന്റെ മറ്റൊരു ഭാഗം വികസിക്കുകയും അവിടെ പുതിയ കണക്ഷനുകൾ ആവശ്യമായി വരികയും ചെയ്യും. ഇക്കാരണത്താലാണ് ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇപ്പോഴും മലിനജല സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തതും, ഭൂരിഭാഗം വീടുകളും സെപ്റ്റിക് ടാങ്കുകൾ പോലുള്ള പ്രാദേശിക സംവിധാനങ്ങളെ ആശ്രയിക്കുന്നതും.

ഈ ശൗചാലയ സംവിധാനങ്ങളാണ് ഭാവിയിലേക്കുള്ള പരിഹാരം. എന്നാൽ, ടാങ്കുകളിലെ മാലിന്യം നീക്കം ചെയ്യുകയും അവ സംസ്കരിച്ച് വളമായോ ഇന്ധനമായോ മാറ്റുകയും ചെയ്താൽ മാത്രമേ ഇത് ഫലപ്രദമാകൂ.

അമൃത് മാർഗനിർദേശം പരിഷ്കരിക്കണം

വീടുകളിൽനിന്നുള്ള വിസർജ്യങ്ങൾ പൂർണമായും ശേഖരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് മുൻഗണന നല്കി അമൃത് മാർഗനിർദേശങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ഇത് കുറഞ്ഞ ചെലവിൽ നടപ്പിലാക്കുന്നതിനായി, നിലവിലുള്ള സെപ്റ്റേജ് ടാങ്ക് സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ നഗരങ്ങളെ പ്രോത്സാഹിപ്പിക്കണം. ഭൂഗർഭ പൈപ്പുകൾക്ക് പകരം ടാങ്കറുകൾ വഴി ഈ മാലിന്യങ്ങൾ പ്ലാന്റുകളിൽ എത്തിക്കുന്നു എന്ന് ഉറപ്പാക്കണം.

രണ്ടാമതായി, പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്ന രീതിയിലാവണം മാർഗനിർദേശങ്ങൾ. ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗത്തിനും അവശിഷ്ടങ്ങൾ ജൈവവളമായോ ഇന്ധനമായോ മാറ്റുന്നതിനും നഗരങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം. എത്രത്തോളം മലിനജലവും അവശിഷ്ടങ്ങളും പുനരുപയോഗിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കണം ധനസഹായം.

മൂന്നാമതായി, ജലാശയങ്ങളുടെ പുനരുജ്ജീവനമുൾപ്പെടെയുള്ള ജലപദ്ധതികൾ പ്രാദേശിക സ്രോതസുകളുമായി ബന്ധിപ്പിക്കണം. ഇത് ദീർഘദൂര ജലവിതരണത്തിനുള്ള ചെലവ് കുറയ്ക്കുകയും ഭൂഗർഭജലത്തിന്റെ ഉപയോഗം കൂടുതൽ സുസ്ഥിരമാക്കുകയും ജലവിതരണം കുറഞ്ഞ ചെലവിൽ സാധ്യമാക്കുകയും ചെയ്യും. എന്നാൽ മുൻഗണന മലിനജല സംസ്കരണത്തിനായാൽ മാത്രമേ ഇത് സാധ്യമാകൂ. ജലാശയങ്ങൾ മലിനമായി തുടരുന്നിടത്തോളം കാലം, നഗരങ്ങൾ ദൂരസ്ഥലങ്ങളിൽനിന്ന് ശുദ്ധജലം തേടിക്കൊണ്ടിരിക്കും. അതോടെ, ശുദ്ധജലം മാരകമായ മലിനജലമായി മാറുന്നത് തുടരുകയും ചെയ്യും. ഭയപ്പെടുത്തുന്ന രീതിയിൽ നഗരങ്ങളിൽ പതിവാകുന്ന ജലസംബന്ധമായ ദുരന്തങ്ങളിൽനിന്ന് പഠിക്കേണ്ട പാഠം ഇതാണ്.

(സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ ഡയറക്ടർ ജനറലാണ് ലേഖിക)

കനറാ ബാങ്ക് Canara Bank Syndicate

റീജിയണൽ ഓഫീസ് : കൊല്ലം
റ്റി.എ.ജി. സെന്റർ, മാതൃഭൂമിക്ക് എതിർവശം, രാമൻകുളങ്ങര, തിരുമുല്ലവാരം, കൊല്ലം - 691012, Phone No: 0474-2791424, Mob : 9446998434, E-Mail: roklmrec@canarabank.com

വായ്പക്കാർ/ജാമ്യക്കാർ/പണയക്കാർക്കുള്ള ഡിമാന്റ് നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 വകുപ്പ് 13(2) പ്രകാരം അറിയിക്കുന്ന നോട്ടീസ്

സർ/മാഡം, താങ്കൾ ഈ ബാങ്കിൽ നിന്നും വായ്പയെടുത്ത വകയിൽ താഴെ പറയുന്ന തുകകൾ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. ടി തുകകൾ അടച്ചു തീർക്കേണ്ട ബാദ്ധ്യതയെപ്പറ്റി പല തവണ അറിയിച്ചെങ്കിലും തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ താങ്കളുടെ ലോൺ അക്കൗണ്ടുകൾ നിഷ്ക്രിയ ആസ്തിയായി നിർണ്ണയം ചെയ്തിരിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 വകുപ്പ് 13(2) പ്രകാരം 60 ദിവസത്തിനകം ഈ വായ്പാ തുക താങ്കൾ പലിശയും മറ്റു ചെലവുകളും സഹിതം അടച്ചു തീർക്കണമെന്നും അല്ലാത്ത പക്ഷം ടി നിയമത്തിന്റെ സെക്ഷൻ 13 സബ് സെക്ഷൻ 4 ഉം ബാധകമായ മറ്റു വകുപ്പുകളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് താഴെ പറയുന്ന തീയതിയിൽ നോട്ടീസ് അയച്ചിരുന്നു.

വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും		സ്ഥാവര വസ്തുവിന്റെ വിശദ വിവരണം
ശ്രീ. ജോൺ പോൾ മാത്യൂ, S/o മാത്യൂ എം. ജോൺ, **ശ്രീമതി. സാറാമ്മ മാത്യൂ, ശ്രീ. ജോൺ എം. എം., ശ്രീ. അലക്സ് ചാക്കോ മാത്യൂ** എല്ലാവരുടെയും വിലാസം, മറപ്പള്ളിൽ പുത്തൻ ബംഗ്ലാവ്, നന്നുവാക്കാട്, പത്തനംതിട്ട പി.ഒ., പത്തനംതിട്ട - 689645 **ശ്രീമതി. സോബി പോൾ,** W/o ജോൺ പോൾ മാത്യൂ, നന്നുവാക്കാട് മറപ്പള്ളിൽ ബംഗ്ലാവ്, പത്തനംതിട്ട - 689645		പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, പത്തനംതിട്ട വില്ലേജിൽ, ശ്രീമതി. സാറാമ്മ മാത്യൂ, ശ്രീ. ജോൺ പോൾ മാത്യൂ, ശ്രീ. അലക്സ് ചാക്കോ മാത്യൂ എന്നിവർ പേരിലുള്ള സർവ്വെ നമ്പർ E 345/10 ൽ ഉൾപ്പെട്ട 4.25 ആർസ് വസ്തുവും കെട്ടിടവും തന്നകത്തുള്ള സകല വകകളും. **അതിരുകൾ** : കിഴക്ക്: സന്തോഷ് വില്ല വക വസ്തു, തെക്ക്: കുന്നത്ത് തോമസ് മാത്തൻ വക വസ്തു, പടിഞ്ഞാറ്: ജീസസ് റോഡ്, വടക്ക്: മുളയ്ക്കൽ വക വസ്തു
വായ്പ നം., സ്വഭാവം	**കുടിശിഖ തുക (as on date)**	
മോർട്ട്ഗേജ് ലോൺ 164002772622	Rs. 24,44,479.86 രൂപയും 01-03-2026 മുതലുള്ള പലിശയും, ബാങ്കിന്റെ കുടിശ്ശിക ഈടാക്കുന്നതിനായി നടത്തുന്ന നടപടികളുമായി ബന്ധപ്പെട്ട സകല ചെലവുകളും,ചാർജുകളും,ആകസ്മികമായുണ്ടാകുന്ന ഇതര ചെലവുകളും ഉൾപ്പെടെ.	നിഷ്ക്രിയ ആസ്തിയായ തീയതി : 14.03.2026
പലിശ നിരക്ക്:		നോട്ടീസ് തീയതി: 16.03.2026
9.55 p.a പ്രതിമാസ കൂട്ടു പലിശയും പിഴ പലിശയും		**ശാഖ: പത്തനംതിട്ട ടൗൺ**

മറ്റ് വായ്പ വിവരങ്ങൾ	കുടിശിഖ തുക (as on date)	
VSL Term Loan 172002488117	Rs.7,56,492.00	പലിശ നിരക്ക്: 8.70%
Credit card 125009393476	Rs.49,340.25	പലിശ നിരക്ക്: 30.00%
SB account 48002010001144	Rs.3,297.48	പലിശ നിരക്ക്: --
KCCS 181014471766	Rs.5,94,987.67	പലിശ നിരക്ക്: 8.70%

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന നിയമത്തിന്റെ 13(2) വകുപ്പ് പ്രകാരം 60 ദിവസത്തിനകം വായ്പ തിരിച്ചടയ്ക്കുവാൻ താങ്കളോട് ആവശ്യപ്പെടുകയാണ്. മേൽപ്പറഞ്ഞ വായ്പ തിരിച്ചടയ്ക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം വകുപ്പ് 13(4) പ്രകാരമുള്ള എല്ലാ അധികാരങ്ങളും ബാങ്ക് ഉപയോഗിക്കുന്നതാണ് ഈ നിയമത്തിന്റെ വകുപ്പ് 13 ഉപവകുപ്പ് 13 പ്രകാരം മേൽപ്പറഞ്ഞ ഈട് വസ്തുക്കളുടെ/വിൽപ്പന, പാട്ടം തുടങ്ങിയ യാതൊരു ക്രയവിക്രയങ്ങളും ചെയ്യാൻ പാടില്ല എന്ന വിവരവും അറിയിച്ചുകൊള്ളുന്നു. ബാധകമായ മറ്റേതെങ്കിലും നിയമ വ്യവസ്ഥകൾ പ്രകാരം മറ്റു നിയമ നടപടികൾ ആരംഭിക്കുന്നതിനോ തുടരുന്നതിനോ ബാങ്കിന്റെ അവകാശങ്ങൾക്ക് മുൻവിധികൾ ഇല്ല എന്ന് നോട്ടീസ് പ്രകാരം അറിയിച്ചുകൊള്ളുന്നു.

സ്ഥലം : കൊല്ലം
തീയതി : 16.03.2026
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്

R2603-589017

കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYA KR-747 DRAW RESULT 21/03/2026

ഒന്നാം സമ്മാനം ₹ 1 കോടി KT 889280 (മൂവാറ്റുപുഴ)

സമാശ്വാസ സമ്മാനം ₹ 5000: KN 889280 KO 889280 KP 889280 KR 889280 KS 889280 KU 889280 KV 889280 KW 889280 KX 889280 KY 889280 KZ 889280

രണ്ടാം സമ്മാനം ₹25 ലക്ഷം KR 204035 (കണ്ണൂർ)

മൂന്നാം സമ്മാനം ₹10 ലക്ഷം KS 210877 (എറണാകുളം)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0677 1833 2049 2421 3682 4334 4819 4934 5120 5505 6145 6320 6397 6423 6626 6868 6975 9172 9979

അഞ്ചാം സമ്മാനം ₹2000: 1734 1953 3218 3922 6346 7825

ആറാം സമ്മാനം ₹1000: 0014 1211 1544 1649 1871 1915 2141 2165 2332 2409 3393 3454 3635 4029 4544 4600 4729 5275 5712 6341 7214 7720 8501 8677 9982

ഏഴാം സമ്മാനം ₹ 500: 0020 0160 0532 0597 0610 0675 0813 0889 0954 0968 1271 1335 1365 1420 1753 1754 1887 1893 2055 2162 2163 2261 2434 2614 2655 3092 3208 3236 3668 3872 3947 4006 4100 4195 4307 4584 4620 4778 5024 5477 5536 5545 6227 6335 6439 6611 6759 6771 6778 6781 7010 7013 7029 7239 7263 7432 7544 7685 7747 7755 7833 7895 7931 8008 8098 8261 8661 8977 9257 9311 9567 9580 9693 9810 9840 9968

എട്ടാം സമ്മാനം ₹ 200: 0001 0021 0231 0548 0594 0721 0751 0837 0945 1067 1073 1141 1181 1342 1382 1728 1740 1752 1997 2225 2238 2334 2428 2465 2547 2555 2738 2870 2930 3046 3107 3201 3203 3512 3533 3656 3694 3757 3800 3826 3946 4160 4219 4298 4301 4505 4542 4628 4846 4975 5160 5790 5804 5865 5895 6171 6252 6521 6533 6541 6623 6899 6958 6982 7092 7110 7403 7562 7587 7602 7684 7865 7869 8179 8283 8325 8555 8629 8704 8749 8802 8829 8894 8983 8996 9106 9422 9447 9537 9546 9703 9729

ഒൻപതാം സമ്മാനം ₹ 100: 0000 0002 0312 0317 0353 0373 0483 0599 0869 0874 0952 1038 1049 1062 1205 1276 1330 1385 1423 1954 1993 2046 2087 2198 2202 2345 2415 2663 2740 2745 2746 2776 2790 2998 3043 3070 3090 3137 3160 3222 3251 3319 3330 3357 3369 3431 3625 3675 3710 3730 3799 3832 3861 3968 4003 4127 4141 4148 4201 4255 4389 4481 4553 4739 4854 4896 5030 5122 5243 5637 5763 5787 5789 5877 5920 6019 6042 6047 6175 6327 6387 6393 6413 6426 6581 6587 6597 6605 6653 6655 6761 6774 6776 6897 6905 6978 7118 7137 7189 7195 7295 7304 7315 7537 7564 7585 7679 7681 7688 7714 7762 7838 7874 7892 7949 8022 8030 8123 8133 8159 8284 8334 8492 8723 8760 8837 8895 8980 9090 9118 9153 9159 9169 9277 9333 9416 9602 9615 9652 9702 9767 9856 9912 9962

രാജ് കപൂർ ജോ. ഡയറക്ടർ
നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

R2603-588605